ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി,
തിരുവനന്തപുരം

TIME: 06.30 PM DATE:24.01.2026

## പ്രധാന വാർത്ത

1) 77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം, റിപ്പബ്ലിക് ദിനത്തിന് മുന്നോടിയായി നാളെ രാഷ്ട്രപതി ദ്രൗപതി മുർമു രാജ്യത്തെ അഭിസംബോധന ചെയ്യും.

2) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു, ഇന്ത്യൻ തുറമുഖ മേഖലയിലെ മുന്നേറ്റത്തിൽ കേരളത്തിന് സുപ്രധാന സ്ഥാനമെന്ന് കേന്ദ്ര മന്ത്രി സർബാനന്ദ സോനോവാൾ.

3) പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ, ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ശൃംഖലകളിലും പരിപാടി ലഭ്യമാകും.

RNU TVPM

4) സപ്ലൈകോയുടെ 'സിഗ്നേച്ചർ മാർട്ട്' ഈ വർഷം എല്ലാ ജില്ലകളിലും നിലവിൽ വരുമെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ്.

5) തിരുവനന്തപുരത്തും കൊച്ചിയിലും ഗ്ലോബൽ കേപ്പബിലിറ്റി സെന്റർ സിറ്റികൾ സ്ഥാപിക്കുമെന്ന് മന്ത്രി പി. രാജീവ്.

6) അണ്ടർ 19 പുരുഷ ക്രിക്കറ്റ് ലോക കപ്പിൽ ഇന്ത്യയ്ക്ക് ന്യൂസിലൻഡിനെതിരെ 136 റൺസ് വിജയലക്ഷ്യം.

&&&&&&&&&&&&&&&&&&

<u>രാഷ്ട്രപതി + റിപ്പബ്ലിക് ദിനം</u>

77-ാമത് റിപ്പബ്ലിക് ദിന ആഘോഷങ്ങൾക്ക് ഒരുങ്ങി രാജ്യം. റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ചു രാഷ്ട്രപതി ദ്രൗപതി മുർമു നാളെ രാജ്യത്തെ അഭിസംബോധന ചെയ്യും. ആകാശവാണിയുടെയും ദൂരദർശന്റേയും മുഴുവൻ ദേശീയ ശൃംഖലയിലും വൈകുന്നേരം 7 മണി മുതൽ പ്രസംഗം ലഭ്യമാകും. ജനുവരി 26 ന് കർത്തവ്യപഥിൽ നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിൽ രാഷ്ട്രപതി ദ്രൗപദി മുർമു അഭിവാദ്യം സ്വീകരിക്കും. സംസ്ഥാനത്തെ റിപ്പബ്ലിക് ദിനാഘോഷവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് രാവിലെ 9ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ദേശീയ പതാക ഉയർത്തും. ജില്ലാ ആസ്ഥാനങ്ങളിൽ മന്ത്രിമാർ പതാക ഉയർത്തും.

&&&&&&&&&&&&&&&&&&

## പ്രധാനമന്ത്രി - ഡിജിറ്റൽ ഇന്ത്യ

രാജ്യത്തെ സ്റ്റാർട്ട് അപ്പ് ആവാസവ്യവസ്ഥ അതിവേഗം മുന്നേറുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഡിജിറ്റൽ ഇന്ത്യ ശക്തിപ്പെടുന്നതായും വിവിധ മേഖലകളിൽ രാജ്യം ആഗോള ശക്തിയായി വളരുന്നതായും പ്രധാനമന്ത്രി പറഞ്ഞു.18-ാമത് റോസ്ഗർ മേളയുടെ ഭാഗമായി 61,000 ത്തിലധികം പേർക്കുള്ള നിയമന കത്തുകൾ വിതരണം ചെയ്യുകയായിരുന്നു അദ്ദേഹം. വീഡിയോ കോൺഫറൻ സിംഗ് വഴി ഉദ്യോഗാർത്ഥികളെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

&&&&&&&&&&&&&&&&&&

## റോസ് ഗാർ മേള - പള്ളിപ്പുറം

ദേശീയ തല റോസ്ഗാർ മേളയുടെ ഭാഗമായി തിരുവനന്തപുരം പള്ളിപ്പുറം സിആർപിഎഫ് ഗ്രൂപ്പ് സെന്ററിൽ സംഘടിപ്പിച്ച തൊഴിൽ മേള കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി ഉദ്ഘാടനം ചെയ്തു. വിവിധ കേന്ദ്ര സർക്കാർ, പൊതുമേഖലാ വകുപ്പുകളിൽ നിയമനം ലഭിച്ച 272 ഉദ്യോഗാർത്ഥികൾക്ക് കേന്ദ്ര സഹമന്ത്രി നിയമന ഉത്തരവ് കൈമാറി.

&&&&&&&&&&&&&&&&&&

## മുഖ്യമന്ത്രി വിഴിഞ്ഞം (ഇൻട്രോ)

ലോക സമുദ്ര വ്യാപാര ചരിത്രത്തിൽ വിഴിഞ്ഞം തുറമുഖം വിസ്മയമായി മാറിയതായി മുഖ്യമന്ത്രി

RNU TVPM

പിണറായി വിജയൻ . വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. ഓരോ ഘട്ടത്തിലും വന്ന തടസ്സങ്ങൾക്ക് മുന്നിൽ സ്തംഭിച്ച് നിൽക്കാതെ മുന്നോട്ടുപോകാൻ സാധിച്ചതായും അദ്ദേഹം പറഞ്ഞു.

**(ഹോൾഡ് വോയ്സ്......)**

വിഴിഞ്ഞം തുറമുഖത്തെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന അപ്രോച്ച് റോഡിന്റെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു. തുറമുഖ വകുപ്പ് മന്ത്രി വി എൻ വാസവൻ അധ്യക്ഷത വഹിച്ചു. മന്ത്രിമാരായ കെ എൻ ബാലഗോപാൽ, വി ശിവൻ കുട്ടി, പ്രതിപക്ഷ നേതാവ് വി ഡി സതീശൻ , മേയർ വി വി രാജേഷ് തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

RAJU TVPM

**&&&&&&&&&&&&&&&&&&**

**<u>സർബാനന്ദ സോനോവാൾ (ഇൻട്രോ)</u>**

ഇന്ത്യൻ തുറമുഖ മേഖലയിലെ മുന്നേറ്റത്തിന് കേരളത്തിന് സുപ്രധാന സ്ഥാനമുണ്ടെന്ന് കേന്ദ്ര തുറമുഖവകുപ്പ് മന്ത്രി സർബാനന്ദ സോനോവാൾ. കേരളത്തിന്റെ ഈ സ്ഥാനം അടയാളപ്പെടുത്തുന്നതിൽ വിഴിഞ്ഞം വഹിക്കുന്ന പങ്ക് വലുതാണെന്നും അദ്ദേഹം പറഞ്ഞു. വിഴിഞ്ഞം തുറമുഖത്തിന്റെ രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ നിർമാണ ഉദ്ഘാടന ചടങ്ങിൽ മുഖ്യാതിഥിയായി

പങ്കെടുക്കുകയായിരുന്നു അദ്ദേഹം. കുറഞ്ഞ സമയത്തിൽ തന്നെ വിഴിഞ്ഞം അസാധാരണമായ പ്രകടനമാണ് കാഴ്ചവച്ചതെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

**(ഹോൾഡ് വോയ്സ്.......)**

**&&&&&&&&&&&&&&&&&&**

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മ൯ കി ബാത് നാളെ രാവിലെ 11 ന്. പരിപാടിയുടെ 130 -ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും.

**&&&&&&&&&&&&&&&&&&**

## സിഗ്നേച്ചർ മാർട്ട്

സപ്ലൈകോയുടെ 'സിഗ്നേച്ചർ മാർട്ട്' ഈ വർഷം എല്ലാ ജില്ലകളിലും നിലവിൽ വരുമെന്ന് ഭക്ഷ്യ പൊതുവിതരണ വകുപ്പ്. ഉപഭോക്താക്കൾക്ക് ആധുനിക രീതിയിലുള്ള ഷോപ്പിംഗ് അനുഭവം പ്രദാനം ചെയ്യുന്നതിനൊപ്പം പ്രമുഖ കോർപ്പറേറ്റ് റീട്ടെയിൽ വ്യാപാര സേവനങ്ങൾ സർക്കാർ വിപണിയിലൂടെ ലഭ്യമാക്കുകയാണ് ലക്ഷ്യം. നിത്യോപയോഗ സാധനങ്ങളും ബ്രാ൯ ഡഡ് ഉൽപ്പന്നങ്ങളും മാർട്ടിൽ ലഭ്യമാകും.

**&&&&&&&&&&&&&&&&&&**

RNIU TVPM

## ദേശീയ സമ്മതിദാന ദിനം

ന്യൂഡൽഹിയിൽ നാളെ നടക്കുന്ന പതിനാറാമത് ദേശീയ സമ്മതിദാന ദിനാഘോഷങ്ങളിൽ രാഷ്ട്രപതി ദ്രൗപതി മുർമു മുഖ്യാതിഥിയായി പങ്കെടുക്കും. എന്റെ ഇന്ത്യ, എന്റെ വോട്ട് എന്നതാണ് ഈ വർഷത്തെ പ്രമേയം. ചടങ്ങിൽ പുതുതായി രജിസ്റ്റർ ചെയ്ത യുവ വോട്ടർമാർക്ക് രാഷ്ട്രപതി ഇലക്ടറൽ ഫോട്ടോ ഐഡന്റിറ്റി കാർഡുകൾ കൈമാറും.

&&&&&&&&&&&&&&&&&&

## വോട്ടർ ദിന പദയാത്ര

ദേശീയ സമ്മതിദാന ദിനത്തോടനുബന്ധിച്ച് കേന്ദ്ര യുവജനകാര്യ-കായിക മന്ത്രാലയത്തിന് കീഴിലുള്ള മേരാ യുവ ഭാരതും സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യയും സംയുക്തമായി സംഘടിപ്പിക്കുന്ന പദയാത്രയും സൺഡേസ് ഓൺ സൈക്കിൾ റാലിയും തിരുവനന്തപുരം കവടിയാർ വിവേകാനന്ദ പാർക്കിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഫ്ലാഗ് ഓഫ് ചെയ്യും. തൈക്കാട് പോലീസ് ഗ്രൗണ്ടിൽ റാലി സമാപിക്കും. ദേശീയ തലത്തിൽ നടക്കുന്ന പരിപാടിയുടെ ഭാഗമായാണ് സംസ്ഥാനത്തും പദയാത്ര സംഘടിപ്പിച്ചിട്ടുള്ളത്.

RIJU TVPM

&&&&&&&&&&&&&&&&&&

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക

പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാം.

**&&&&&&&&&&&&&&&&&&**

**കണ്ണൂർ - മുഖ്യമന്ത്രി (ഇൻട്രോ)**

വിവിധ ജില്ലകളിൽ പുതുതായി നിർമിച്ച പൊലീസ് സ്റ്റേഷ  കെട്ടിട സമുച്ചയങ്ങളുടെ നിർമ്മാണോദ്ഘാടത്തിന്റെ ഭാഗമായി തലശ്ശേരി സബ് ഡിവിഷണൽ പോലീസ് ഓഫീസിൽ സജ്ജമാക്കിയ അത്യാധുനിക 'നോളജ് റിപ്പോസിറ്ററി സെന്റർ' മുഖ്യമന്ത്രി പിണറായി വിജയ  ഓൺലൈനായി ഉദ്ഘാടനം ചെയ്തു. 30 ലക്ഷം രൂപ ചെലവഴിച്ചാണ് വിജ്ഞാനകേന്ദ്രം ഒരുക്കിയിരിക്കുന്നത്.

**വിശദ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ ഒ ശശിധരൻ...**

**(വോയ്സ്)**

**&&&&&&&&&&&&&&&&&&**

**ജി.സി.സി സിറ്റി- മന്ത്രി പി. രാജീവ്**

തിരുവനന്തപുരത്തും കൊച്ചിയിലും ഗ്ലോബൽ കേപ്പബിലിറ്റി സെന്റർ
സിറ്റികൾ സ്ഥാപിക്കുമെന്ന് മന്ത്രി പി. രാജീവ്. ദാവോസിൽ സമാപിച്ച ലോക സാമ്പത്തിക ഫോറത്തിൽ
G C C സിറ്റികൾ സ്ഥാപിക്കുന്നതിനുള്ള നിക്ഷേപ താൽപര്യപത്രം കേരളം ഒപ്പിട്ടതായും

RNU TVPM

കൊച്ചിയിൽ വാർത്താ സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞു.

**&&&&&&&&&&&&&&&&&&**

**പാലക്കാട് (ഇൻട്രോ)**

പാലക്കാട് ജില്ലയിലെ പി.എം.വിശ്വകർമ പദ്ധതി ഗുണഭോക്താക്കളുടെ ഉത്പന്ന പ്രദർശന വിപണന മേള നാളെ സമാപിക്കും. ഇന്നലെ ആരംഭിച്ച മേള സന്ദർശിക്കാൻ നിരവധി പേരാണ് എത്തുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്... (വോയ്സ്)**

**&&&&&&&&&&&&&&&&&&**

RNJU TVPM

**അണ്ടർ 19 പുരുഷ ക്രിക്കറ്റ്**

അണ്ടർ 19 പുരുഷ ക്രിക്കറ്റ് ലോക കപ്പിൽ ഇന്ത്യയ്ക്ക് ന്യൂസിലൻഡിനെതിരെ 136 റൺസ് വിജയലക്ഷ്യം. ടോസ് നേടിയ ഇന്ത്യ ന്യൂസിലൻഡിനെ ബാറ്റിംഗിനയച്ചു. മഴ മൂലം 37 ഓവറായി നിജപ്പെടുത്തിയ മത്സരത്തിൽ 36.2 ഓവറിൽ ന്യൂസിലാൻഡ് ഓൾ ഔട്ടാവുകയായിരുന്നു. ആർ എസ് അംബരീഷ് ഇന്ത്യക്കായി നാലു വിക്കറ്റും, ഹെനിൽ പട്ടേൽ മൂന്ന് വിക്കറ്റും നേടി. ഇന്ത്യയുടെ മറുപടി ബാറ്റിംഗ് പുരോഗമിക്കുകയാണ്.

**&&&&&&&&&&&&&&&&&&**

## വൈജ്ഞാനിക പുരസ്കാരങ്ങൾ

കേരള ഭാഷാ ഇൻ സ്റ്റിറ്റ്യൂട്ടിന്റെ 2025 ലെ വൈജ്ഞാനിക പുരസ്കാരങ്ങൾ ഈ മാസം 27 ന് മുഖ്യമന്ത്രി പിണറായി വിജയൻ വിതരണം ചെയ്യും. വൈകിട്ട് 4.30ന് തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ സംഘടിപ്പിക്കുന്ന പരിപാടിയിൽ മന്ത്രി സജി ചെറിയാൻ അദ്ധ്യക്ഷനാകും.

&&&&&&&&&&&&&&&&&&

## ക്രിസ്തുമസ്സ് ന്യൂ ഇയർ ബമ്പർ

കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ ക്രിസ്തുമസ്സ് ന്യൂ ഇയർ ബമ്പർ ഭാഗ്യക്കുറി നറുക്കെടുപ്പിൽ 20 കോടി രൂപയുടെ ഒന്നാം സമ്മാനം XC 138455 എന്ന നമ്പർ ടിക്കറ്റിന് ലഭിച്ചു. കോട്ടയം ജില്ലയിലാണ് ഒന്നാം സമ്മാനാർഹമായ ടിക്കറ്റ് വിറ്റത്. ഈ വർഷം 54 ലക്ഷത്തിലേറെ ടിക്കറ്റുകളുടെ റെക്കോർഡ് വില്പനയാണ് നടന്നത്. ഏറ്റവും കൂടുതൽ വില്പന നടന്നത് പാലക്കാട് ജില്ലയിലാണ്.

RNU TVPM

&&&&&&&&&&&&&&&&&&

## പ്രത്യേക ചർച്ച

കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം

ചെയ്യും. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെ ത്തിക്കുകയാണ് ലക്ഷ്യം. ആത്മനിർഭർ ഭാരതിനെ കുറിച്ച് ഇന്ന് രാത്രി 11 മണിക്ക് പ്രക്ഷേപണം ചെയ്യുന്ന പരിപാടിയിൽ സാമ്പത്തിക വിദഗ്ധ പ്രൊഫ. മേരി ജോർജ്ജ് സംസാരിക്കും.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

RNU TVPM